**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 804** **24-02-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ എം വിൻസെൻറ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച അന്വേഷണത്തിൽ ആരുടെയൊക്കെ അക്കൗണ്ടുകളിലേക്കാണ് തുക കൈമാറിയതെന്ന് കണ്ടെത്തിയിട്ടുള്ളത് ; വിശദമാക്കാമോ; | (എ) | തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമഫണ്ട് തട്ടിപ്പ് സംബന്ധിച്ച അന്വേഷണത്തിൽ വകുപ്പിന്റെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒരേ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിരവധി തവണ തുക മാറി നൽകി സർക്കാർ പണം ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. അക്കൗണ്ടുകൾ സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത കേസിൽ വകുപ്പ് തല അന്വേഷണം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | വകുപ്പ്തല അന്വേഷണം നടത്തി കുറ്റക്കാരായ ജീവനക്കാർക്കെതിരെ വകുപ്പ്തല അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പ്രസ്തുത വിഷയത്തിൽ വിജിലൻസ് അന്വേഷണവും നടന്നുവരുന്നു. |
| (സി) | ഉന്നത രാഷ്ട്രീയ നേതൃത്വത്തിന് പങ്കുള്ളതിനാൽ അന്വേഷണം അട്ടിമറിക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ